**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3266

14.07.2015-ലെ മറുപടിയ്ക്ക്

## കൺസ്യൂമർ ഫെഡിനെ സംരക്ഷിക്കാൻ നടപടി

**ചോദ്യം**

ശ്രീ.ജി.സുധാകരൻ

**മറുപടി**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി)

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നീതി, നന്മ, ത്രിവേണി സ്റ്റോറുകൾ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ എന്നിവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര എന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര എന്നും വ്യക്തമാക്കാമോ ;

(എ) കൺസ്യൂമർഫെഡിനു കീഴിൽ നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല. 5 ത്രിവേണി സ്റ്റോറുകളും, 30 നീതി മെഡിക്കൽ സ്റ്റോറുകളും ലാഭത്തിൽ പ്രവർത്തിക്കുന്നു. നന്മ സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണികൾ, ഒഴുകുന്ന ത്രിവേണികൾ എന്നിവ എല്ലാം തന്നെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) കൺസ്യൂമർ ഫെഡിന്റെ 2006 മുതലുള്ള ടേൺ ഓവർ വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) കൺസ്യൂമർഫെഡിന്റെ 2006 മുതലുള്ള ടേൺ ഓവർ സംബന്ധിച്ച് വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ടേൺ ഓവർ (കോടിയിൽ) |
|---|---|
| 2006-2007 | 456.66 |
| 2007-2008 | 591.22 |
| 2008-2009 | 737.58 |
| 2009-2010 | 1015.99 |
| 2010-2011 | 1213.92 |
| 2011-2012 | 1333.09 |
| 2012-2013 | 1688.97 |
| 2013-2014 | 1496.95 |
| 2014-2015 | 1572.25 |

(സി) 2006 മുതൽ മദ്യവില്പനയിൽ നിന്ന് കൺസ്യൂമർ ഫെഡിനു ലഭിച്ച ലാഭം വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(സി) 2006-2007 മുതൽ 2014-2015 വരെ വിദേശ മദ്യ വ്യാപാരത്തിലൂടെ ലഭിച്ച വിൽപ്പനയും മാർജിനും ലാഭവും ചുവടെ ചേർക്കുന്നു.

| വർഷം | വിൽപ്പന | മാർജിൻ | ലാഭം |
|---|---|---|---|
| 2006-07 | 2898621659.00 | 482910368.39 | 159424191.25 |
| 2007-08 | 3490152006.87 | 581459324.34 | 191958360.38 |
| 2008-09 | 4109181936.00 | 684589710.54 | 226005006.48 |
| 2009-10 | 4947983346.07 | 824334025.46 | 272139084.03 |
| 2010-11 | 5970755026.86 | 994727787.47 | 328391526.48 |
| 2011-12 | 6870760128.15 | 1144668637.35 | 377891807.05 |
| 2012-13 | 7513885707.50 | 1251813358.87 | 413263713.91 |
| 2013-14 | 7689219112.00 | 1281023904.06 | 422907051.16 |
| 2014-15 | 10676441219.00 | 1778695107.09 | 587204267.05 |
| ആകെ | 54167000141.45 | 9024222223.57 | 2979185007.28 |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഡ്ജറ്റ് വിഹിതമായി കൺസ്യൂമർ ഫെഡിന് തുക വകയിരുത്തിയിരുന്നോ; വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഡ്ജറ്റ് വിഹിതമായി തുകകൾ വകയിരുത്തിയിരുന്നു. ടി തുകകൾ സംബന്ധിച്ച് വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നീക്കിയിരുപ്പ് തുക | |
|---|---|---|
| | ബഡ്ജറ്റ് വിഹിതം (കോടി) | അഡീഷണൽ ആതറൈസേഷൻ (കോടി) |
| 2011-12 | 5.00 | 25.00 |
| 2012-13 | 5.00 | 65.00 |
| 2013-14 | 10.00 | 70.00 |
| 2014-15 | 11.00 | 39.00 |
| 2015-16 | 15.00 | |

(ഇ) സബ്സിഡി ഇനത്തിൽ സർക്കാരിൽ നിന്ന് എന്തു തുക ലഭിക്കാനുണ്ട് ; വിശദമാക്കാമോ ;

(ഇ) കൺസ്യൂമർ ഫെഡിന്റെ കണക്ക് പ്രകാരം സബ്സിഡി ഇനത്തിൽ 409.54 കോടി രൂപാ നൽകാനുണ്ട്.

(എഫ്) കൺസ്യൂമർ ഫെഡിൽ ഉള്ളതായി പറയപ്പെടുന്ന അഴിമതിയും ധൂർത്തും അവസാനിപ്പിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

(എഫ്) പോലീസ് വിജിലൻസ് വിഭാഗവും സഹകരണ വകുപ്പ് പരിശോധനാ സംവിധാനവും, കൺസ്യൂമർഫെഡിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലും, അന്വേഷണ നടപടികൾ നടത്തിവരുന്നു. കുറ്റക്കാരെന്ന് പ്രാഥമികമായി കണ്ടെത്തിയിട്ടുള്ള എല്ലാ ജീവനക്കാരുടെയും പേരിൽ

സസ്പെൻഷനൾപ്പെടെ നടപടികൾ
സ്വീകരിച്ച് തുടർ അന്വേഷണം നടത്തി
വരുന്നു.

സെക്ഷൻ ഓഫീസർ